ചെറുകഥ

ചക്രവാളത്തിനപ്പുറം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

വിമാനത്താവളത്തിനു സമീപമുള്ള വിശാലമായ മൈതാനപ്രദേശത്താണ് റോക്കററ് ഉയർത്തുന്നതിലേയ്ക്കു വേണ്ട സജ്ജീകരണങ്ങൾ ചെയ്തിരിക്കുന്നത്. അതിനുവേണ്ടിയുള്ള പ്രത്യേക സ്ഥലത്തിന് ഏതാണ്ട് അരമൈൽ അകലത്തിൽ ചുററിലും ബന്ധവസ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആ മുൾവേലിക്കു പുറത്ത് ആയിരക്കണക്കിനു് ആളുകൾ തടിച്ചു കൂടിയിരിക്കുന്നു. ആളുകൾ അത്യത്ഭുതകരമായ സംഭവം നേരിട്ടു കാണുന്നതിനാണ് അവിടെ തടിച്ചു കൂടിയിട്ടുള്ളത്. അത് ഒരു നൂതനയുഗത്തിന്റെ ഉൽഘാടനമായി അവർ കരുതിയെങ്കിൽ ഒട്ടും കുററവുമില്ല. മനുഷ്യന് ഭാവന ചെയ്യുവാനുള്ള കഴിവു് കൈവന്ന കാലം തൊട്ട് കൊതിച്ചിട്ടുള്ള ഒരു കാര്യമാണ് പറന്നു പറന്നു് അങ്ങു് അനന്തകോടി നാഴിക ദൂരത്തിൽ മിന്നിത്തിളങ്ങുന്ന ഗോളങ്ങളിൽ എത്തിച്ചേരണമെന്ന്. ഭാവന അവനെ അവിടൊക്കെ എത്തിച്ചിട്ടുണ്ട്. എന്നാൽ ആ ഭാവനയുടെ പിറകെ അവന്റെ ശരീരത്തെക്കൂടി എത്തിക്കുന്നതിനു് ഇപ്പോൾ ഇതാ തയ്യാറെടുക്കുകയാണ്. അതു് കണ്ണുകൊണ്ടു കാണുന്നതിനു് അവിടെ കൂടിയിരിക്കുന്ന ആയിരക്കണക്കിനുള്ള ജനാവലി റോക്കററ് ഉയർത്തുന്ന മുഹൂർത്തം കാത്ത് അക്ഷമരായി കഴിയുന്നു. തൊട്ടടുത്തുള്ള വിമാനത്താവളത്തിൽ വിമാനങ്ങൾ വന്നിറങ്ങുന്നുണ്ട്, വിട്ടുപോകുന്നുണ്ട്. പക്ഷെ അതൊന്നും അവരുടെ ശ്രദ്ധയെ ഒട്ടും ആകർഷിക്കുന്ന മട്ടില്ല.

റോക്കററ് ഉയർത്തുന്നതിനായി പ്രത്യേകം തയ്യാറാക്കിയ സ്ഥാനത്തിനു് സമീപമുള്ള കൊച്ചു കെട്ടിടത്തിൽ അവിടുത്തെ ജോലികളിൽ ഏർപ്പെടുന്ന പ്രധാനപ്പെട്ട വ്യക്തികൾക്ക് വിശ്രമിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. അവിടുത്തെ സ്വീകരണ മുറിയുടെ ഒരു കോണിൽ ജനാലയ്ക്കു സമീപം റോക്കററ് ഉയർത്തിക്കൊണ്ടു പോകേണ്ട കൃത്രിമ ഗ്രഹത്തിൽ സഞ്ചരിക്കുവാനുള്ള വേഷത്തിൽ രവി നിൽക്കുകയാണ്. അയാൾ മുഖംമൂടിയൊഴിച്ചു് മററു വേഷങ്ങളൊക്കെ അണിഞ്ഞിട്ടുണ്ട്. ആ വേഷത്തിൽ അയാൾ ഭീമകായനായി തോന്നും. അടുത്ത് വികാരാധീനയായി മാലതിയും. അവർ എന്തൊക്കെയോ പതുക്കെ സംസാരിക്കുന്നുണ്ട്.

രവി (സമാശ്വസിപ്പിക്കുന്ന രീതിയിൽ) 'മാലതി...ഇത്രയും നാൾ വലിയ ധൈര്യം പറഞ്ഞിരുന്ന നീ...ഇന്നു് ഇങ്ങനെ ബലഹീനയായാലോ?' മാലതി കുനിഞ്ഞു നിന്നതേയുള്ളു. അവളുടെ കണ്ണുകളിൽ നിന്നു് ഒന്നുരണ്ട് ബാഷ്പബിന്ദുക്കൾ അടർന്നു വീണു. കുറച്ചുനേരം നിശ്ശബ്ദത. ഒടുവിൽ ഗദ്ഗദപൂർവം മാലതി പറഞ്ഞു... 'ഇന്നുവരെ ഇതു സംഭവിക്കുമെന്നു് ഞാൻ വിശ്വസിച്ചില്ല...എനിക്കു് സഹിക്കാൻമേല!...അങ്ങു് എന്നെ വിട്ടുപിരിയുന്നതു്...'

'ഞാൻ വിട്ടുപിരിയുന്നില്ല. ഞാൻ തിരിച്ചുവരും മാലതീ!'...ആശ്വസിപ്പിക്കുന്ന മട്ടിൽത്തന്നെയാണ് രവി സംസാരിച്ചത്. മറയ്ക്കാൻ ശ്രമിച്ചിട്ടും ഒതുങ്ങാത്ത വിമ്മിഷ്ടം അയാളുടെ വാക്കുകളിൽ പ്രകടമായിരുന്നു—'തിരിച്ചുവരും! തീർച്ചയായും തിരിച്ചു വരും'.

'തിരിച്ചുവരണം! അന്നുവരെ ഞാൻ കാത്തിരിക്കും'.

'വരും! ചക്രവാളത്തിനപ്പുറത്ത് എനിക്കു നേരിട്ട അനുഭവങ്ങൾ നിന്നോടു പറയാൻ ഞാൻ വരും. നിന്നോടായിരിക്കും ഞാനവയെപ്പററി ആദ്യം പറയുന്നതു്!...കണ്ണീർ തുടയ്ക്കു!',

'അങ്ങയ്ക്കു് ശുഭാപ്തി വിശ്വാസമുണ്ട്...എന്നാൽ ഞാൻ ബലഹീനയാണ്...എന്റെ സംശയങ്ങൾ...' അവളുടെ കണ്ണുകളിൽ നിന്നു് ധാരധാരയായി കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു.

'ശരിയാണ്...മഹാസമുദ്രം താണ്ടി അറിവില്ലാത്ത ഭൂഖണ്ഡങ്ങൾ തേടി പുറപ്പെട്ടിരുന്ന നാവികന്മാർ യാത്ര പുറപ്പെട്ടപ്പോൾ അവരുടെ ഭാര്യമാർ ഇങ്ങനെ കരഞ്ഞു കാണും'.

'മഹാസമുദ്രം ഇന്നു് മനുഷ്യനു് വെറും കളിപ്പാൻ കുളം ആയിത്തീർന്നിട്ടുണ്ട്. പക്ഷെ ഭൂഗോളം വിട്ട് മററു ഗ്രഹങ്ങളിലേയ്ക്കു സഞ്ചരിക്കുക!...അതു് ഇനിയും സാധാരണ സംഭവമായിത്തീർന്നിട്ടില്ല—ചക്രവാളത്തിനപ്പുറത്തേയ്ക്കുള്ള യാത്ര!...'

'അതും മനുഷ്യനു് നിസ്സാരമാണു മാലതീ!...'

'ആയിരിക്കാം...എങ്കിലും അതിനെപ്പററി ഭയാശങ്കകൾ ഒരു ഭാര്യയ്ക്ക് ഉണ്ടാകുന്നതു് തെററാണോ?...'

'തെററാണെന്നു ഞാൻ പറയുന്നില്ല. ഒരു ശാസ്ത്രജ്ഞനോടൊപ്പം ഇത്രയുംനാൾ കഴിഞ്ഞു കൂടിയ നീ അയാളുടെ പ്രവർത്തനങ്ങ

ളിൽ നിത്യ പങ്കാളിയായി പരിശോഭിച്ചിരുന്ന നീ, ഭർത്താവു് ഏററവും പ്രധാനമായ ഒരു സാഹസിക യാത്രയ്ക്കു് ഒരുങ്ങി നിൽക്കുമ്പോൾ, കണ്ണുനീരോടെണോയാത്രയയയ്ക്കേണ്ടതു്?'.

'അല്ല'—മാലതിയുടെ അധരങ്ങൾ വിറയ്ക്കുകയാണു്. കണ്ണുകൾ നിറഞ്ഞൊഴുകുകയാണു്—'എൻെറ ബുദ്ധിയുടെ ഉപദേശം ഹൃദയം അനുസരിക്കുന്നില്ല'—അവൾ ലേസു് എടുത്തു് മുഖം പൊത്തി.

'കണ്ണുനീർ തുടയ്ക്കു് എന്നെ പുഞ്ചിരിയോടെ യാത്രയാക്കു!'.

'രവീ! രവീ!'—കുറച്ചകലെ നിന്നു് രഘു വിളിച്ചു പറഞ്ഞു.—

'സമയമായി. ഇങ്ങോട്ടു വരു!'.

'അതാ രഘു വിളിക്കുന്നു...വേഗം മിടുക്കിയായി നിൽക്കു! രഘു ഇങ്ങോട്ടുതന്നെ വരുന്നു'. മാലതി ലേസുകൊണ്ടു് മുഖം തുടച്ചു് ധൈര്യം അഭിനയിക്കുവാൻ ശ്രമിക്കുകയാണു്. ഈ സമയംകൊണ്ടു് രഘു അവരെ സമീപിച്ചു കഴിഞ്ഞു. രവിയെപ്പോലെ ഫ്ളൈയിംഗു് ഡ്റസ്സു് അണിഞ്ഞിട്ടുണ്ടു് രഘുവും. മുഖംമൂടി ഉയർത്തി രവിയേയും മാലതിയേയും നോക്കി ചിരിച്ചുകൊണ്ടു് അയാൾ പറഞ്ഞു—' ഇതാണു വിവാഹിതനായാലുള്ള വിഷമം...എന്നെ നോക്കു!...ആരെങ്കിലുമുണ്ടോ തടസ്സപ്പെടുത്താൻ...ചൊവ്വാഗ്രഹത്തിൽ ചെന്നിട്ടുവേണം എനിക്കൊരു കല്യാണമാലോചിക്കാൻ!'—രഘു ചിരിച്ചു.

'ആദ്യത്തെ ഇൻറർ പ്ളാനററി വിവാഹം ഏർപ്പാടു ചെയ്തെന്ന ഖ്യാതി എനിക്കും അതു നടത്തിയെന്ന പ്രശസ്തി രഘുവിനും ചരിത്രത്തിൽ ഉണ്ടാകണം, അല്ലേ?'—രവിയും രഘുവും ചിരിച്ചു.

'ലോകത്തിലെ സ്ത്രീകളെയെല്ലാം പുഛിക്കുന്ന ആളിനു് ചൊവ്വായിലെങ്കിലും ഒരു നല്ല സ്ത്രീയെ കിട്ടുമാറാകട്ടെ! ആമീൻ!...' നേരമ്പോക്കു് അഭിനയിക്കുവാൻ ശ്രമിച്ചുകൊണ്ടു് മാലതി പറഞ്ഞു.

'അടുത്തു് അറിയുന്നതുവരെ അവിടത്തെ സ്ത്രീകളും ആദർശരത്നങ്ങളായിരിക്കുമെന്നു് പ്രതീക്ഷിക്കാം'—രവി ചിരിച്ചു.

'സ്ത്രീയാണോ? അവരെ അങ്ങനെ പ്രതീക്ഷിക്കാതിരിക്കുന്നതാണു് നിരാശയുണ്ടാകാതിരിക്കാൻ നല്ലതു്'—രഘു പറഞ്ഞു.

'ചൊവ്വായിലെ സ്ത്രീയേക്കുറിച്ചും വിധിയെഴുതിക്കഴിഞ്ഞോ?'—മാലതി ചോദിച്ചു.

'ഇല്ല. സാമർത്ഥ്യമുള്ള പുരുഷന്മാരില്ലാത്തിടത്തെല്ലാം സ്ത്രീകൾ ഒരുപോലെതന്നെ. അവിടത്തെ പുരുഷനെ പരിചയപ്പെട്ടു കഴിയുമ്പോൾ സ്ത്രീയെപ്പററി ഊഹിച്ചുകൊള്ളാം'.

'അതുകൊള്ളാം. സ്ത്രീയെ വിലയിരുത്തുന്നതു് പുരുഷനെ ആസ്പദമാക്കിയാണോ?'.

'തീർച്ചയായും'

'ഇങ്ങനെയുമുണ്ടോ [illegible] സ്ത്രീ വിദ്വേഷികൾ?'.

'അതൊക്കെയിരിക്കട്ടെ! നമുക്കു് സമയമായി. എല്ലാം തയ്യാറായി. അങ്ങോട്ടു കയറേണ്ട താമസമേയുള്ളു'.

'എൻജിനീയറന്മാർ എല്ലാം പരിശോധിച്ചു കഴിഞ്ഞോ?'

'കഴിഞ്ഞു...കൃത്രിമഗോളത്തിൽ കയറിയാൽ ഈ ലോകത്തിൽ നിന്നു് രക്ഷപ്പെടാനൊക്കുമല്ലോ...എന്താ പോകാം...എന്താ തിരിഞ്ഞു നിൽക്കുന്നതു്? രണ്ടുപേരും കരയാനുള്ളതൊക്കെ തീർത്തില്ലേ? ഓ! യാത്ര ചോദിക്കണമായിരിക്കും!...ഹ! ഹ!...' രഘു പതുക്കെ മുമ്പോട്ടു നടന്നു. രവി തിരിഞ്ഞു നിന്നു.

'മാലതീ!'.

'ഉം!'.

'മതിയെന്നേ, ഈ യാത്രാനുമതി!...' രഘു ഉറക്കെ പറഞ്ഞു.

'ആറുമാസം കഴിഞ്ഞു കണ്ടു കൊള്ളാം'.—രവി പതുക്കെ മാലതിയുടെ തലമുടി തടവിക്കൊണ്ടു പറഞ്ഞു.

'റേഡിയോവഴി സംസാരിക്കാൻ വേണ്ടതു ചെയ്തിട്ടില്ലേ? ഇത്ര വിഷമിക്കാനെന്തിരിക്കുന്നു?'...രഘു ഉറക്കെ ചിരിച്ചു.

'ഞാനെന്നും റേഡിയോയുടെ അടുത്തു് കാത്തിരിക്കും'...മാലതി ഗൽഗദപൂർവം പതുക്കെ സംസാരിച്ചു.

'എന്നും ഞാൻ റേഡിയോ ടെലഫോൺ വഴി സംസാരിച്ചു കൊള്ളാം'.

രവി സാവധാനത്തിൽ മുമ്പോട്ടു നടന്നു.

'വിവാഹം ചെയ്യുമ്പോൾ ഓർമ്മിക്കണം ഇങ്ങനൊക്കെ ചില ശല്യമാലുകൾ ഉണ്ടായേക്കുമെന്നു്'—രവിയുടെ കൈയ്ക്കു് കടന്നുപിടിച്ചു് വലിച്ചുകൊണ്ടാണതു് രഘു പറഞ്ഞതു്.

'സ്നേഹമെന്തെന്നു് അറിയാത്തവർക്കു് ഇതൊന്നും കാണാൻ കഴിയുകയില്ല' മാലതി കലമ്പി.

'തർക്കിക്കാനുള്ള സമയമിതല്ല. വരു!'

അകലെ സൈറൺവിളി ഉയർന്നു. അതോടൊപ്പം മൈതാനത്തിൻെറ മുള്ളുവേലിക്കപ്പുറത്തു് തടിച്ചു കൂടിയിരുന്ന ജനാവലിയുടെ ആഹ്ളാദ പ്രകടനങ്ങളും.

'അതാ ആദ്യത്തെ സിഗ്നലാണതു്. ഇനിയും അരമണിക്കൂർ നേരത്തേയ്ക്കു് വിമാനങ്ങളൊന്നും പോകുന്നതല്ല; നമ്മുടെ യാത്ര തുടങ്ങുന്നതുവരെ'.

'എന്നാൽ...മാലതീ!...'—രവി കുപ്പു കയ്യോടെ യാത്ര പറഞ്ഞു.

'എൻെറ വിജയാശംസകൾ...' നിറകണ്ണോടെ മാലതി പറഞ്ഞുകൊണ്ടു് തൊഴുതു.

'ഞാൻ പറഞ്ഞില്ലെ. ഇങ്ങനെ യാത്ര പറയരുതെന്നു്! ധീരയായിരിക്കു. ആറുമാസം കഴിഞ്ഞു് നേരിട്ടു കണ്ടുകൊള്ളാം'.

രവിയും രഘുവും നടന്നു് അകന്നു. അവർ റോക്കററുയർത്തുന്നതിനു് സജ്ജീകരിച്ചിട്ടുള്ള സ്ഥലത്തേയ്ക്കാണു് പോയതു്. മാലതി അവരെ നോക്കിക്കൊണ്ടു് സ്വീകരണമുറിയുടെ വരാന്തയിൽ നിന്നു.

രവിയും രഘുവും റോക്കററു് ഫയറിംഗ്ബേസിനെ സമീപിക്കുന്തോറും വേലിക്കു് പുറത്തു തടിച്ചു കൂടിയിരുന്ന ആളുകൾ ഹർഷാരവങ്ങൾ മുഴക്കിക്കൊണ്ടിരുന്നു. അവരുടെ ആഹ്ളാദ ശബ്ദങ്ങൾ കോളുകൊണ്ട സമുദ്രത്തിൻെറ ശബ്ദം പോലെ അവിടെയെങ്ങും പ്രതിധ്വനിച്ചു.

II

ഈ സമയം കൃത്രിമ ഗോളത്തെ ഉദ്ദിഷ്ടസ്ഥാനത്തേയ്ക്കു് കൊണ്ടുചെന്നെത്തിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിരുന്ന റോക്കററിൻേറയും മററും നില ശരിയാക്കി കഴിഞ്ഞിരുന്നു. എൻജിനീയറന്മാർ രവിയും രഘുവും സഞ്ചരിക്കാനുള്ള ഗോളത്തെ പരിശോധിക്കുകയാണു്.

ഒന്നാമൻ...'ടെസ്റ്റിംഗു് കഴിഞ്ഞോ?'.

രണ്ടാമൻ...'കഴിഞ്ഞു. എല്ലാം ശരിതന്നെ'.

ഒന്നാമൻ...'റാഡർ ഉപകരണങ്ങൾ...?'.

രണ്ടാമൻ...'കറക്ടു്'.

മൂന്നാമൻ...'ഗ്യാസു് സിലണ്ടറുകൾ?'.

രണ്ടാമൻ...'ഒരു ചേംബർ നിറച്ചു് സ്റ്റാക്കു് ചെയ്തിട്ടുണ്ടു്'.

മൂന്നാമൻ...'മാസ്കുകൾ...?'

ഒന്നാമൻ...'ശരിതന്നെ'.

മൂന്നാമൻ...'പവ്വർജനറേറർ?...'

രണ്ടാമൻ...'ഓക്കെ!'.

ഒന്നാമൻ...'പ്രെഷർ. സൂട്ടു്?'.

രണ്ടാമൻ...'നാലു ഡസ്സൻവച്ചിരിക്കുന്നു'.

ഒന്നാമൻ...'ദൂരദർശിനി?...'

രണ്ടാമൻ...'റേഡിയോ ദൂരദർശിനിയും ശരി തന്നെ'.

ഒന്നാമൻ...'കൃത്രിമഗോളത്തിൻെറ വെളിയിലേയ്ക്കു് കാണാനുള്ള ക്വാർട്ടസു് വിൻഡോസ്ക്രീൻ?'.

മൂന്നാമൻ...'കുഴപ്പമൊന്നുമില്ല. ക്യാമറായും മററു് ഉപകരണങ്ങളുമൊക്കെ ഘടിപ്പിച്ചിട്ടുണ്ടു്. എല്ലാം കണിശമായി പരിശോധിച്ചു. ആവശ്യത്തിനുള്ള ആഹാരവും ചേംബറിൽ സംഭരിച്ചിട്ടുണ്ടു്. എല്ലാം തയ്യാർ'.

ഈ സമയം രവിയും രഘുവും ഗോളത്തിൻെറ സമീപം എത്തി. അവർ അതിൻെറ തുറന്നു കിടന്നിരുന്ന വാതിലിലേയ്ക്കു് നയിക്കുന്ന ഏണിപ്പടിയിൽ നിന്നുകൊണ്ടു് വെളിയിൽ കൂടിയിരുന്ന ജനാവലിയോടു് കൂപ്പുകയ്യോടെ യാത്ര ചോദിച്ചു. അവർ അത്യാഹ്ളാദത്തോടെ അവർക്കു് മംഗളം ആശംസിച്ചു. രവിയും രഘുവും ഗോളത്തിൻെറ ഉള്ളിലേയ്ക്കു കയറി. പുറകെ അതിൻെറ കതകും അടഞ്ഞു. പുറത്തു നിന്നിരുന്ന എൻജിനീയറന്മാർ അതു് വെൽഡുചെയ്തു് ശരിയാക്കി. എല്ലാം ഭദ്രമായെന്നു പൂർണ്ണബോദ്ധ്യം വരുത്തിയശേഷം ഗോളത്തെ റോക്കററുമായി ഘടിപ്പിച്ചു നിറുത്തി.

വീണ്ടും സൈറൺ മുഴങ്ങി.

റോക്കററും അതിൽ ഘടിപ്പിക്കപ്പെട്ടിരുന്ന ഗോളവും മുകളിലേയ്ക്കു് ഉയർത്തിവിടുവാനുള്ള നിലയിൽ ക്രെയിനിൻെറ സഹായത്തോടെ നിലയിൽ നിർത്തിക്കഴിഞ്ഞു. ഗോളത്തിൻെറ അകത്തുനിന്നു് രവിയുടെയും രഘുവിൻെറയും സിഗ്നലു കിട്ടുവാൻ എൻജിനീയറന്മാർ കാത്തുനിന്നു.

ആളുകൾ സന്തോഷിച്ചു് ആർത്തു വിളിച്ചു.

സിഗ്നൽ ഡയലിൽ ശ്രദ്ധിച്ചിരുന്ന ശാസ്ത്രജ്ഞന്മാർക്കു് ഗോളത്തിനുള്ളിൽ നിന്നു് തയ്യാറായെന്ന അറിയിപ്പു കിട്ടി.

ഒന്നാമൻ...'ഇനി മറുപടി കൊടുക്കു!'.

രണ്ടാമൻ...'ഇതാ [illegible] കൊടുത്തു കഴിഞ്ഞു'.

ഒന്നാമൻ...'സൈറൺ ശബ്ദിപ്പിക്കാം. തുടർന്നു് റോക്കററും മുകളിലേയ്ക്കുയർത്താം'.

സൈറൻെറ ശബ്ദം ഉയർന്നു. അതു് അത്യുച്ചത്തിലായി. ക്രമേണ അതു് കുറഞ്ഞു കുറഞ്ഞു് നിശ്ശബ്ദമായി. അതോടൊപ്പം റോക്കററിൻെറ പ്രവർത്തനം തുടങ്ങി. അതു പുറപ്പെടുവിച്ച ഭയങ്കരമായ ശ

ബ്ദം അത്യുച്ചത്തിലായപ്പോൾ അത് മുകളിലേയ്ക്ക് പ്രതീക്ഷിക്കാത്ത വേഗത്തിൽ ഉയർന്നു കഴിഞ്ഞു. ആളുകൾ ആശ്ചര്യസ്തബ്ധരായി അതു നോക്കി നിൽക്കുകയാണ്. കണ്ണെത്താത്തവണ്ണം ഉയരത്തിലായിക്കഴിഞ്ഞു. അതിന്റെ ശബ്ദം വിദൂരതയിൽ നിന്നു് വരുന്ന ഒരു പ്രതിധ്വനിയായി മാത്രം കലാശിച്ചു.

റാഡർ ഒബ്സർവേഷൻ ബോർഡിൽ നോക്കിക്കൊണ്ടിരുന്ന എൻജിനീയറന്മാർ പരസ്പരം പറഞ്ഞു...

ഒന്നാമൻ...‘പത്തു നിമിഷമേ ആയുള്ളു. മുപ്പതിനായിരം മൈൽ ഉയർന്നു കഴിഞ്ഞു’.

രണ്ടാമൻ...‘എല്ലാം മംഗളമായി കലാശിക്കട്ടെ!’.

III

രവിയുടെ വീട്ടിലെ ഗവേഷണമുറിയിൽ സ്ഥാപിച്ചിട്ടുള്ള റേഡിയോ റിസീവറിന്റെ മുമ്പിൽ മാലതി ഇരിക്കുകയാണ്; സെററിന്റെ ഡയലിൽ കണ്ണുറപ്പിച്ചുകൊണ്ട് അതിന്റെ സൂചി മാററിമാററി അത്യധികം പ്രതീക്ഷയോടെ കഴിഞ്ഞു കൂടുന്നു.

റേഡിയോ സെററിൽ നിന്നു് വന്നുകൊണ്ടിരിക്കുന്ന പലവിധ ശബ്ദങ്ങൾ മാത്രമാണ് അവിടെ കേൾക്കാനുള്ളതു്. അതു കേട്ടുകൊണ്ട് രഘുവിന്റെ അമ്മ കാർത്യായനി അവിടെ കടന്നുവന്നു. അവർക്കു് പ്രായം ഏതാണ്ട് അൻപതു കഴിഞ്ഞുകാണും. മുടിയെല്ലാം നരച്ചതാണ്. എന്നാൽ മുഖത്തു് ജര വ്യാപിച്ചിരിക്കുന്നുവെന്നു പറഞ്ഞുകൂടാ. നല്ല കുലീനത്വം ഉള്ള അവരുടെ മുഖത്തു് സംതൃപ്തി കളിയാടുന്നതായി തോന്നും. അധികം ഉയരമില്ല. തടിച്ച ശരീരവുമാണ്.

‘നീയെത്രനേരമായി ഇതിന്റെ മുമ്പിലിങ്ങനെയിരിക്കുന്നു് കുട്ടീ! ആഹാരമൊന്നും വേണ്ടേ?’. മാലതിയുടെ തോളിൽ തടവിക്കൊണ്ട് കാർത്യായനി ചോദിച്ചു. അവരുടെ സംസാരം കേട്ട് കുറച്ചൊന്നു ഞെട്ടിത്തിരിഞ്ഞു നോക്കിക്കൊണ്ട് മാലതി മറുപടി പറഞ്ഞു.—‘റേഡിയോ വഴിയുള്ള സന്ദേശം കിട്ടേണ്ട സമയമായിട്ടും അതു് കേൾക്കുന്നില്ലമ്മേ! അതു് തിരിഞ്ഞു നോക്കുകയാണ്’.

‘ഇന്നലെ അവരയച്ച സിഗ്നലുകൾ കിട്ടിയല്ലോ!’,

‘കിട്ടി. ഇന്നു് ഇതുവരെ കിട്ടിയിട്ടില്ല. അവരുടെ വാച്ചുകൾ തെററിയോ അതോ അന്തരീക്ഷത്തിലെ തകരാറാണോ അതുമല്ല മററുവല്ല ആപത്തുമാണോ എന്നറിഞ്ഞു കൂടാ’.

‘ആപത്തൊന്നുമായിരിക്കുകയില്ല’ —കാർത്യായനി ദീർഘനിശ്വാസം വിട്ടു ...‘ഒന്നുകൂടി തിരിച്ചുനോക്കൂ!’.

‘അങ്ങോട്ടു് കൊടുക്കാനുള്ള സിഗ്നൽ കൊടുത്തു. എന്നിട്ടും...’

‘മറുപടിയൊന്നും വന്നില്ലേ?’.

‘ഇല്ല. ഭൂമിയുടെ ആകർഷണവലയം വിട്ട് അനേകായിരം നാഴിക ദൂരെ അവർ ഇന്നലെത്തന്നെ എത്തിയതാണ്’.

‘ഒന്നു് സംസാരിച്ചു നോക്കു’.

മാലതി ഒരു സ്വിച്ചു് അമർത്തി. അടുത്തിരുന്ന ഡയലിൽ ഒരു ചുവന്ന ബൾബ് ജ്വലിച്ചു. ഒരു മൈക്കിലേയ്ക്കു് അവൾ സംസാരിച്ചു.—‘ഹല്ലോ! ഹലോ! ഹലോ!’.

അത്ഭുതപ്പെട്ട് കാർത്യായനി ആവേശത്തോടെ പറഞ്ഞു—‘അതാ റാഡർലൈററു് കത്തുന്നു. സന്ദേശം അവർക്കു് കിട്ടുന്നുണ്ട്’.

‘ദൈവം രക്ഷിച്ചു. തകരാറൊന്നുമില്ല’—മാലതി വീണ്ടും മൈക്കിലേയ്ക്കു് സംസാരിച്ചു. ‘ഹല്ലോ! This is Q. T. M. Q. T. M. Q. T. M.’

റിസീവറിലെ ചുവന്ന ബൾബ് ജ്വലിച്ചു. സ്പീക്കറിൽനിന്നു് രവിയുടെ ശബ്ദം പ്രതിധ്വനിച്ചു.—‘This is M. T. Q. M. T. Q. രവിയാണ്; രവി. രവി സംസാരിക്കുന്നു. മാലതി! മാലതിയാണോ?’.

‘അതെ! മാലതി തന്നെ!’—അവളുടെ തൊണ്ട ഇടറുന്നുണ്ടായിരുന്നു.

‘സുഖം തന്നെയോ മാലതി!’...

‘സുഖം തന്നെ!’...ഗദ്ഗദം കൂടുതൽ വാക്കുകളെ തടഞ്ഞു.

‘നീയെന്താണു കരയുന്നതു്?’.

‘കരയുകയല്ല... സന്തോഷംകൊണ്ട്...രഘുവിന്റെ അമ്മയും അടുത്തു് ഇരിപ്പുണ്ട്’.

‘ഭൂമിയിൽ എന്തൊക്കെയാണു വിശേഷങ്ങൾ?...ഞങ്ങൾ അവിടെ നിന്നു് എത്ര ദൂരത്തിലാണെന്നോ? ഇവിടെയിരുന്നുകൊണ്ട് ദൂരദർശിനിയിൽ കൂടി നോക്കുമ്പോൾ ഭൂമി കാണാൻ എത്ര രസമായിരിക്കുന്നെന്നോ?. ചന്ദ്രനെപ്പോലെയുള്ള ഒരു ഗോളം!’.

‘ചൊവ്വ ഗ്രഹത്തിലെത്തിയോ?’.

‘This is M. T. Q. This is M. T. Q’.

‘ഹല്ലോ! ഹല്ലോ! This is Q. T. M. Q. T. M.—എന്താ ഇടയ്ക്കു് കേൾക്കാൻ ഒരു തടസ്സം ഉണ്ടായതു്?.

‘എന്തോ വല്ലാത്ത ഒരു മുഴക്കം തോന്നി. എന്തായിരിക്കും?’.

‘വല്ല കാന്തമേഘങ്ങളും ഇടയ്ക്കു കൂടി കടന്നു പോയിരിക്കും....ഉം! സാരമില്ല. ഇപ്പോൾ ശരിക്കു കേൾക്കാമല്ലോ...പിന്നെ കാർത്യായനി അമ്മയെന്തു പറയുന്നു?’

‘ഞാൻ അമ്മയുടെ കൈയിലേയ്ക്കു് മൈയ്ക്കു കൊടുക്കാം’ ...മാലതി മൈക്കിന്റെ അടുത്തു നിന്നു മാറി. കാർത്യായനിയമ്മ അതിലേയ്ക്കു സംസാരിച്ചു....‘എന്താ രഘു?...’

‘ഇതു് രവിയാണ്. അമ്മയ്ക്കു് രഘുവുമായി സംസാരിക്കണോ? അയാളും സുഖമായിട്ടിരിക്കുന്നു’ ഇപ്പോൾ ഒബ്സർവേഷൻ ചേംബറിൽ ഇരുന്നു് ചില ഗോളങ്ങളുമായി റാഡർ സമ്പർക്കം സ്ഥാപിക്കുവാൻ ശ്രമിക്കുകയാണ്. വിളിക്കാം’ ചുവന്ന ബൾബ് അണഞ്ഞു. കാർത്യായനി തിരിഞ്ഞു് മാലതിയോടു പറഞ്ഞു—‘അവർ സുഖമായിരിക്കുന്നു. ദൈവാനുഗ്രഹം തന്നെ ...റിസീവറിലെ ചുവന്ന ലൈററു് വീണ്ടും ജ്വലിച്ചു...രഘുവിന്റെ ശബ്ദം സ്പീക്കറിൽ മുഴങ്ങി—‘ഹല്ലോ! അമ്മയാണോ? എന്തൊക്കെയുണ്ടമ്മേ വാർത്തകൾ?’.

‘ഒന്നുമില്ല മകനെ! നിനക്കു് ജലദോഷമൊന്നുമില്ലേ?’

‘ജലദോഷമോ! ഹ! ഹ! അതൊക്കെ ഭൂമിയിലേയുള്ളൂ. ഇവിടെ ഇരുന്നു നോക്കിയാൽ ആകാശത്തു് രാത്രിയിൽ കാണാൻ കഴിയുന്ന നക്ഷത്രങ്ങൾ പോലെ നാലുപാടും മിന്നിത്തിളങ്ങുന്ന ഗോളങ്ങളേയുള്ളൂ. എന്തൊരു കാഴ്ചയാണെന്നോ? അടുത്ത പ്രാവശ്യം നിങ്ങളെയെല്ലാം ഇങ്ങോട്ടു കൊണ്ടുവന്നേയ്ക്കാം. എന്താ?’.

‘അങ്ങനെയാകട്ടെ മകനെ!’.

‘ഇപ്പോൾ നിർത്തട്ടെയമ്മേ!’.

പെട്ടെന്നു് സ്പീക്കർ നിശ്ശബ്ദമായി. ചുവന്നു ജ്വലിച്ചുകൊണ്ടിരുന്ന ബൾബും അണഞ്ഞു.

IV

കുജനിലേയ്ക്കുള്ള യാത്ര അങ്ങനെ അവിഘ്നം പുരോഗമിക്കുകയാണ്. ശൂന്യപ്രപഞ്ചമേഖലയിൽ കൂടി റോക്കററു് കൃത്രിമ ഗോളവും വഹിച്ചുകൊണ്ട് പാഞ്ഞുകൊണ്ടിരുന്നു. ഭൂമിയിലെ വിവിധ ഗവേഷണശാലകളുമായി രവിയും രഘുവും സമ്പർക്കം പുലർത്തുന്നുണ്ട്. അപ്പഴപ്പോൾ അവർക്കു നേരിടുവാൻ ഇടയാകുന്ന അനുഭവങ്ങൾ ഉടനുടൻ അവർ ഭൂമിയിലേയ്ക്കു് അറിയിച്ചുകൊണ്ടിരുന്നു. ശാസ്ത്രീയമായി അവർ സ്വീകരിച്ചിരുന്ന കരുതലുകളൊന്നും തകരാറിലായില്ല. അവിശ്രമം അവർ നടത്തിക്കൊണ്ടിരുന്ന നിരീക്ഷണങ്ങൾ എന്തൊക്കെ നൂതനാനുഭവങ്ങളാണ് നൽകിയതു്! അവർ സഞ്ചരിച്ചിരുന്ന ഗോളത്തിന്റെ നിരീക്ഷണ ജനാലവഴി ദൂരദർശിനിയിൽ കൂടി ചൊവ്വാഗ്രഹത്തെ നോക്കിക്കൊണ്ടിരുന്ന രവി രഘുവിനോടു പറഞ്ഞു—‘രഘു! നാം ചൊവ്വായുടെ ആകർഷണ പരിധിയിൽ പ്രവേശിച്ചിരിക്കുന്നു, ഇതാ! ഈ ഡയലിലെ സൂചി നോക്കൂ!’.

‘അപ്പോൾ ഇനി അധികസമയം വേണ്ടാ ചൊവ്വായിൽ ഇറങ്ങാൻ അല്ലേ?’.

‘അതെ!’...രവി സംതൃപ്തിയോടെ പറഞ്ഞു....‘ടെലസ്കോപ്പുവഴി ചൊവ്വാഗ്രഹത്തെ നോക്കിക്കൊള്ളൂ’.

എത്ര മനോഹരമായിരിക്കുന്നു കുജഗ്രഹത്തിന്റെ ഉപരിതലം’.

‘നമ്മുടെ ഭൂമിപോലെ തന്നെ!’.

‘ആ പച്ചനിറമെന്താണ്...മൈതാനം പോലെ കാണുന്നതു്?’.

‘മരങ്ങളും ചെടികളും മററും തന്നെ!’.

‘ചൊവ്വായുടെ അന്തരീക്ഷത്തിൽ നാം പ്രവേശിച്ചു കഴിഞ്ഞു. ഇതാ! ഈ എയിറോമീററർ അതാണ് കാണിക്കുന്നതു്?’.

‘നാം ഇത്ര പ്രതീക്ഷിച്ചതല്ല. ഏതാണ്ടു ഭൂമിയിലെപ്പോലെ സമ്മർദ്ദം ഇതു കുറിക്കുന്നല്ലൊ!’.

‘അതേ! നമ്മുടെ റോക്കററു് അതിവേഗം ചൊവ്വായിലേയ്ക്കു് പതിക്കുകയാണ്. സാവകാശത്തിലാക്കിയില്ലെങ്കിൽ നാം അതിൽ ചെന്നു് ശക്തിയായി വീഴും. തകർന്നു തരിപ്പണമാകുകയും ചെയ്യും. റോക്കററിന്റെ യന്ത്രം നിയന്ത്രിക്കണം’.

‘എൻജിൻ നിർത്തട്ടെ!’.

‘അതെ! നിർത്തിയേയ്ക്കു! അതുമാത്രം പോരാ റോക്കററിന്റെ പാരപ്ളേററുകൾ തുറക്കുകയും വേണം. പാരച്യൂട്ടിന്റെ ബട്ടണും അമർത്താം. അതെല്ലാംകൂടിയായാൽ സാവധാനത്തിൽ ഇതുചെന്നു് ചൊവ്വായിൽ ഇറങ്ങിക്കൊള്ളും!’.

‘എല്ലാം പറഞ്ഞതു പോലെ ചെയ്തു. സ്പീഡ് കുറഞ്ഞില്ലേ!’.

‘കുറഞ്ഞു. ഇതാ! ഡയലിൽ നോക്കൂ! സമ്മർദ്ദമാപിനിയുടെ സൂചിയെന്തു പറയുന്നു?’.

'ഭയപ്പെടാനൊന്നുമില്ല. ഇവിടെ പ്രാണവായുവിന്റെ സ്ഥിതിയെന്താണ്?'.

'പ്രാണവായുവിന്റെ തോതും ശരി തന്നെ!.

'ഇനി ഇരുപതു നാഴികയോളം കാണും ചെന്നിറങ്ങാൻ! കുന്നും മലയും മരവും ചെടികളും കൊണ്ടു പൊതിഞ്ഞിരിക്കുന്നല്ലോ'.

'നമുക്ക് ഒരു സമതല പ്രദേശത്തുവേണം ചെന്നിറങ്ങാൻ! പ്രോപ്പല്ലർ മോട്ടോർ പ്രവർത്തിപ്പിക്കു. തുടങ്ങാം. അങ്ങനെയായാൽ നമുക്ക് ഇഷ്ടമുള്ളടത്തു ചെന്നു താഴാം'.

'സ്പ്രിംഗ്‌വീലുകൾ പുറത്തേയ്ക്ക് ആക്കട്ടെ!'.

'ശരി! ഞാൻ ബട്ടൺ അമർത്തി. സ്പ്രിംഗ്‌വീലുകൾ യഥാസ്ഥാനത്ത് ആയില്ലേ!'.

'ആയി! ഒബ്സർവേഷൻ വിൻഡോവഴി കാണാം. അതാ ഒരു കൊച്ചു ജലാശയമാണാക്കാണുന്നത്. അതിൽ പതിക്കരുത്. അതിന്റെ കരയിലെ മൈതാനത്തിൽ ചെന്നിറങ്ങാം'.

'സേഫ്‌ലാൻഡിംഗ് ആയിരിക്കണം. സൂക്ഷിക്കൂ!' അൽപ്പസമയം കഴിഞ്ഞപ്പോൾ സാവകാശമായി റോക്കറ്റ് ചൊവ്വാഗ്രഹത്തിലെ മൈതാനത്തിൽ ചെന്നിറങ്ങി.

'എങ്ങനെയിരുന്നു ലാൻഡിംഗ്?'.

'നന്നായി. എങ്കിലും ഇടത്തെ സ്പ്രിംഗ്‌വീലാണ് കൂടുതൽ അമർന്നതെന്നു തോന്നുന്നു. സാരമില്ല. ഭൂമിയിലേയ്ക്കു സന്ദേശം കൊടുക്കേണ്ടേ?'.

'തീർച്ചയായും. കൊടുത്തുകൊള്ളൂ!' രഘു ഭൂമിയുമായി സമ്പർക്കം സ്ഥാപിക്കുന്നതിനായി ട്രാൻസ്മിററർ പ്രവർത്തിപ്പിച്ചു ശ്രമം തുടങ്ങി. ഈ സമയം രവി ഓബ്സർവേഷൻ വിൻഡോവഴി കുജനിലെ ചുററുപാട് നിരീക്ഷിച്ചുകൊണ്ടിരുന്നു.

ഏതാണ്ടു പത്തു നിമിഷങ്ങൾ കഴിഞ്ഞു. രഘു ക്ഷീണിച്ച് രവിയോടു പറഞ്ഞു—'രവി: ഭൂമിയുമായി സമ്പർക്കം സ്ഥാപിക്കാൻ സാധിക്കുന്നില്ല!'.

'സാധിക്കുന്നില്ലാ?'.

'അതെ'.

'എല്ലാം തകർന്നോ?'.

'എന്തുചെയ്യും?'.

'എനിക്കറിഞ്ഞുകൂടാ! രഘൂ! ഇങ്ങോട്ടു വരൂ! ഈ ദൂരദർശിനിയിൽ കൂടി നോക്കൂ! അതെന്താണ് ഏതോ ചില രൂപങ്ങൾ ചലിക്കുന്നതുപോലെ തോന്നുന്നത്?'.

'എവിടെ'?.

'അതാ! ആ മൈതാനത്തിന്റെ കോണിൽ ആ ജലാശയത്തിന്റെ സമീപം!'.

'ശരിയാണ്. അതെന്ത്?'.

'ജീവനുള്ള വല്ലതുമാണോ?'.

'ആണെന്നു തോന്നുന്നു! ഒന്ന്. രണ്ട്. മൂന്ന്...എ്. ഏതാണ്ട് ഇരുപത്തിനാലെണ്ണത്തോളമുണ്ടല്ലോ!'.

'വാസ്തവം! അവ ചലിക്കുന്നത് നല്ല ചിട്ടയനുസരിച്ച് ആണല്ലോ'.

'അതെ! അവയുടെ ആകൃതി നോക്കൂ! ഏതാണ്ട് മനുഷ്യരൂപം തന്നെ! അല്ലേ! പക്ഷെ തല എത്ര വലുതാണ്. തലയല്ലേ കാണാനുള്ളു. അവയവങ്ങൾ മെലിഞ്ഞിരിക്കുന്നു.

'അത്ഭുതം തന്നെ! അതെന്താണ് അവർ ചെയ്യുന്നത്?'.

'എന്തൊക്കെയോ കൊണ്ടു് വയ്ക്കുകയാണെന്നു തോന്നുന്നു. റാഡർ ടെലസ്കോപ്പുപോലെ അർദ്ധഗോളാകൃതിയിലുള്ളത്...അതെന്തായിരിക്കും?.

'എനിക്കൊന്നും മനസ്സിലാകുന്നില്ല'.

'അതാ നമ്മുടെ റേഡിയോ സിഗ്നൽ ലൈററ് കത്തി!'—രവിഅത്ഭുതപ്പെട്ടു വിളിച്ചു പറഞ്ഞു. 'രഘു സ്വിച്ചിട്ടോ?'.

'ഇല്ല!.

'പിന്നെ അതെങ്ങനെ കത്തി?'.

'എനിക്കറിഞ്ഞുകൂടാ'...അവർ അത്ഭുതസ്തബ്ധരായി ഇരിക്കുമ്പോൾ അവരുടെ റേഡിയോയുടെ സ്പീക്കറിൽ കൂടി ഇങ്ങനെ മുഴങ്ങി...'ഭൂമിയിൽ നിന്നു വരുന്ന നിങ്ങൾക്ക് സ്വാഗതം! ഞങ്ങൾ നിങ്ങളുടെ മിത്രങ്ങൾ തന്നെ! ഭയപ്പെടേണ്ടാ! നിങ്ങളുടെ റേഡിയോ ഞങ്ങളാണു നിയന്ത്രിക്കുന്നത്'.—

രവിയും രഘുവും എന്തു ചെയ്യണമെന്നറിയാതെ അവരുടെ കർണ്ണങ്ങളെ വിശ്വസിക്കുവാൻ വിസമ്മതിക്കുന്ന മട്ടിൽ അത്ഭുതപ്പെട്ട് ഇരുന്നു...സ്പീക്കറിൽ കൂടി വീണ്ടും ശബ്ദം...' കുജേനിയർ നിങ്ങളെ സ്വാഗതം ചെയ്യുന്നു. അത്ഭുതപ്പെടേണ്ടാ! ഞങ്ങൾ നിങ്ങളോടു സംസാരിക്കുന്നത് ട്രാൻസ്ളേറോ സ്കോപ്പുവഴിയാണ്. നിങ്ങൾക്ക് പറയാനുള്ളത് നിങ്ങളുടെ മൈക്കിൽ പറയുക. അത് ഞങ്ങളുടെ ട്രാൻസ്ളേറോസ്കോപ്പ് ഞങ്ങളുടെ ഭാഷയിലാക്കി ഞങ്ങളെ ധരിപ്പിക്കും. ഞങ്ങളുടെ ആശയം നിങ്ങളുടെ ഭാഷയിൽ നിങ്ങളെ അറിയിക്കുന്നതുപോലെ!'.

'ഇതെന്തു മറിമായമാണ് രഘൂ!'...രവി പതുക്കെപ്പറഞ്ഞു. റേഡിയോവഴി ഇങ്ങനെ കേൾക്കുകയായി...'ഇത് മറിമായമൊന്നുമല്ല. നിങ്ങൾ ഇങ്ങോട്ടു യാത്ര തിരിച്ചപ്പോൾ തന്നെ ഞങ്ങൾ അറിഞ്ഞു കഴിഞ്ഞു'.

'ഞാൻ അവരോടു സംസാരിച്ചു നോക്കട്ടെ രഘൂ?'.

'ഓ! നോക്കൂ!'.

രഘു മൈക്കിൽ കൂടി ഇങ്ങനെ പറഞ്ഞു...'കുജേനിയൻ സഹോദരങ്ങളെ! ഞങ്ങളുടെ നന്ദി സ്വീകരിക്കുക. നിങ്ങളുടെ മിത്രങ്ങൾ തന്നെയാണ് ഞങ്ങളും'.

റേഡിയോവഴി കുജേനിയൻമാർ ഇങ്ങനെ അറിയിച്ചു....'അതു ഞങ്ങൾക്കറിയാം. എത്രയോ പ്രാവശ്യം നിങ്ങളുടെ ഭൂമി സന്ദർശിച്ചിട്ടു മടങ്ങുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ മാത്രമേ നിങ്ങൾക്ക് ഇവിടെ എത്തുവാൻ സാധിച്ചിട്ടുള്ളു'.

'ഇടയ്ക്ക് ഒന്നു ചോദിക്കട്ടെ! നിങ്ങൾ എങ്ങനെയാണ് ഭൂമിയിൽ വന്നതെന്ന് അറിയിക്കുമോ?'.

'എന്തു വിഷമം. യന്ത്രസഹായത്താൽ റേഡിയോബീംവഴി വളരെവേഗം അവിടെ എത്തും. ഒരുകാലത്ത് ഞങ്ങളും നിങ്ങളുടെ രൂപമുള്ളവരായിരുന്നു'.

'പിന്നെ ഇങ്ങനെ രൂപഭേദപ്പെട്ടതു്'.

'പത്തു പതിനായിരം ഈനോൻസിനു മുമ്പ്—ഒരു ഈനോൻ നിങ്ങളുടെ പതിനഞ്ചു സംവൽസരമാണ്...ഇന്നു നിങ്ങൾക്ക് എത്താൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ശാസ്ത്രീയ പുരോഗമനദശയെ ഇവിടെ പ്രാപിക്കുകയുണ്ടായി. ഒരു യന്ത്രയുഗം തന്നെ നിലവിൽ വന്നു. അതിനാൽ കുജേനിയന്മാർക്ക് തലച്ചോറുകൊണ്ടുള്ള അദ്ധ്വാനമേ ആവശ്യമായിരുന്നുള്ളു. ബാക്കിയെല്ലാം യന്ത്രങ്ങൾ നിർവഹിച്ചുകൊള്ളും. തല ഒഴിച്ചു് മററുള്ള അവയവങ്ങളൊക്കെ ക്ഷയിച്ചു് ശുഷ്ക്കിച്ചു. തലമാത്രം വലുതായി. നിങ്ങൾ ഇപ്പോൾ ഞങ്ങളെ അങ്ങനെയാണല്ലോ കാണുന്നത്. എന്തു ജോലിയും സംവിധാനം ചെയ്യുന്നതും, പ്രയോഗത്തിൽ കൊണ്ടുവരുന്നതും അതിന്റെ ഫലം തിട്ടപ്പെടുത്തുന്നതും എല്ലാം യന്ത്രങ്ങൾ തന്നെയായി. യന്ത്രത്തിന്റെ ഒരംശം എന്ന നിലയിൽ ഞങ്ങൾ തരം താണു. മററുള്ളവരുടെ മനോഗതിപോലും മനസ്സിലാക്കുവാൻ ഉപകരിക്കുന്ന യന്ത്രങ്ങൾവരെ ഞങ്ങളുണ്ടാക്കി. അതിന്റെ ഫലമായി രഹസ്യമെന്നൊരു കാര്യം ഒരാളുടെ മനസ്സിൽ പോലും വയ്ക്കാൻ വയ്യെന്നായി. രഹസ്യമില്ലാതുള്ള ജീവിതം...അതിന്റെ കഷ്ടപ്പാടുകൾ ഞങ്ങൾ നല്ലതുപോലെ അനുഭവിച്ചു. ഇന്ന് നിയമം മൂലം യന്ത്രങ്ങളൊന്നും ഉപയോഗപ്പെടുത്തിക്കൂടായെന്ന് അനുശാസിച്ചിരിക്കുന്നു. മററുള്ളവരുടെ മനസ്സിലെ കാര്യങ്ങൾ അറിയാനുപയോഗിക്കുന്ന 'സീക്രട്ടോ സ്കോപ്പു്'...നിരോധിച്ചിരിക്കുന്നു. ശാരീരികാദ്ധ്വാനത്തെ പ്രോൽസാഹിപ്പിക്കുന്നു. ക്ഷയിച്ചു ക്ഷയിച്ച് ശുഷ്ക്കങ്ങളായി പരിണമിച്ചിരിക്കുന്ന അവയവങ്ങൾ വീണ്ടെടുക്കുവാൻ ഇതു മാത്രമേ ഒരു വഴിയുള്ളു എന്ന് ഞങ്ങൾ മനസ്സിലാക്കി. ഒരു യന്ത്രയുഗത്തിലേയ്ക്ക് ലഗാനില്ലാതെ കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുന്ന നിങ്ങളെ കാണുമ്പോൾ ഞങ്ങൾ സഹതപിക്കുകയാണ്'.

റേഡിയോയുടെ സ്പീക്കറിൽ കൂടി വന്നുകൊണ്ടിരുന്ന ഈ വാക്കുകൾ രവിയേയും രഘുവിനേയും വല്ലാതെ വശപ്പെടുത്തി. അവർ പരസ്പരം നോക്കി. സ്പീക്കറിൽ കൂടി പിന്നെയും ശബ്ദം വന്നു തുടങ്ങി...ഇനി മറെറാന്നുകൂടി അറിയിക്കട്ടെ. ശാസ്ത്രമാകുന്ന മാജിക്കുകാരൻ നൽകിയിട്ടുള്ള ചില പാവകളെ കണ്ടു ഭ്രമിച്ചു് അതുമായി കളിക്കുവാൻ വെമ്പുകയാണു് നിങ്ങൾ. അത്തരം പാവകളെക്കാൾ പ്രധാനമായ പലതും ജീവിതത്തിലുണ്ടെന്ന് ഞങ്ങൾ അനുഭവത്തിൽ നിന്നു കണ്ടറിഞ്ഞവരാണ്. നിങ്ങൾ ഭൂമിയിൽ മടങ്ങിയെത്തുമ്പോൾ ഞങ്ങളുടെ കഥ അവിടെ പ്രചരിപ്പിക്കുക'.

റിസീവറിലെ ചുവന്ന ബൾബു് അണഞ്ഞു.

ചൊവ്വാഗ്രഹത്തിലെ പരിതസ്ഥിതികളെപ്പററി നാലഞ്ചുനാൾ നിരീക്ഷണം ചെയ്തശേഷം രവിയും രഘുവും ഭൂമിയിലേയ്ക്കുള്ള മടക്കയാത്ര ആരംഭിച്ചു.

...0...